**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2074** **14-10-2024 - ൽ മറുപടിയ്ക്ക്**

**എല്ലാ ജില്ലകൾക്കും ഫോറൻസിക് സയൻസ് വാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് എല്ലാ ജില്ലകൾക്കും ഫോറൻസിക് സയൻസ് വാൻ അനുവദിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (എ) | രാജ്യത്തെ ഫോറൻസിക് സയൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ പുതിയതായി ആവിഷ്കരിച്ച 'സ്കീം ഫോർ മോഡണൈസേഷൻ ഓഫ് ഫോറൻസിക് സയൻസ് കപ്പാസിറ്റീസ് (SMFC) മുഖേന എല്ലാ ജില്ലകൾക്കും സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയ്ക്കും കൂടി 19 മൊബൈൽ ഫോറൻസിക് വാൻ വാങ്ങുന്നതിനായി 08.08.2024-ലെ സ.ഉ. (സാധാ) നം.2303/2024/ആഭ്യന്തരം പ്രകാരം 12.35 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സയന്റിഫിക്ക് ഓഫീസർ, ഫിംഗർപ്രിന്റ് സെർചർ തുടങ്ങിയ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളും തസ്തികയും വകുപ്പിൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്തെ 19 ജില്ലാ ഫോറൻസിക് സയൻസ് യൂണിറ്റുകളിലും വേണ്ടത്ര സയന്റിഫിക് ഓഫീസർമാരുണ്ട്. അതോടൊപ്പം, ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി സ.ഉ.(സാധാ) നം.911/2023/ആഭ്യന്തരം പ്രകാരം 28 സയന്റിഫിക് ഓഫീസർ തസ്തികകൾ കൂടി സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ ക്രൈം ബ്രാഞ്ചിന്റെ കീഴിൽ എല്ലാ ജില്ലകളിലും ആവശ്യത്തിനു ഫിംഗർ പ്രിന്റ് സെർച്ചർമാരുമുണ്ട്. നിലവിൽ എല്ലാ ജില്ലകളിലും നിയമിച്ചിട്ടുള്ള സയന്റിഫിക് ഓഫീസർമാരുടെ സേവനം ഈ പദ്ധതിയിൽ പ്രയോജനപ്പെടുത്താവുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാവുന്നതോടെ ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ പോലീസ് ജില്ലകളിൽ ശാസ്ത്രീയ പരിശോധനയ്ക്ക് വേണ്ട സാമ്പിളുകൾ കൃത്യസ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്നതിനും പ്രാഥമിക പരിശോധന നടത്തുന്നതിനും വേണ്ടുന്ന ആധുനിക സൗകര്യങ്ങൾ ഉള്ള മൊബൈൽ ഫോറൻസിക് വാനുകൾ ലഭ്യമാക്കുന്നതിലൂടെ കുറ്റാന്വേഷണ മേഖലയിൽ കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം കാഴ്ച വയ്ക്കാൻ സംസ്ഥാനത്തിന് സാധിക്കുമെന്ന് കരുതുന്നു. കൂടാതെ ഏഴ് |

| | | | |
|---|---|---|---|
| | | | വർഷത്തിന്മേൽ ശിക്ഷ നിഷ്കർഷിച്ചിട്ടുള്ള എല്ലാ കുറ്റകൃത്യങ്ങളിലും കൃത്യസ്ഥലം സന്ദർശിക്കുന്നതിനും ശാസ്ത്രീയ തെളിവുകൾ ശേഖരിക്കുന്നതിനും മേൽ പദ്ധതി സഹായകരമാകും. |

സെക്ഷൻ ഓഫീസർ